**റൂളിംഗ്**

മി. സ്പീക്കർ: അത് വേറെ വിഷയമാണ്. ഇവിടെ ഉന്നയിക്കപ്പെട്ട ക്രമപ്രശ്നം, 1999-ലെ കേരള കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി (കിഫ്ബി) നിയമത്തിലെ വ്യവസ്ഥയനുസരിച്ച് സർക്കാർ സ്വീകരിച്ച നടപടികളിലെ അപാകതകൾ സംബന്ധിച്ചാണ്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സർക്കാർ നടപടികളെക്കുറിച്ച് വിശദീകരണം നൽകുകയുണ്ടായി. യഥാർത്ഥത്തിൽ സർക്കാർ ചില പ്രത്യേക കാര്യങ്ങളിൽ സ്വീകരിക്കുന്ന നടപടികളെ സംബന്ധിച്ച് ചട്ടം 303 പ്രകാരം ക്രമപ്രശ്നങ്ങൾ അനുവദനീയമല്ല. എന്നാൽ ഇവിടെ ഈ ക്രമപ്രശ്നം അനുവദിച്ചത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സഭയിൽ പറഞ്ഞതിന് വിരുദ്ധമായ നടപടി ധനകാര്യ വകുപ്പ് സ്വീകരിച്ചിരിക്കുന്നുവെന്ന ആക്ഷേപം ബഹുമാനപ്പെട്ട അംഗം തന്റെ നോട്ടീസിലൂടെ ഉന്നയിച്ചതുകൊണ്ടു മാത്രമാണ്. ചെയർ ഇക്കാര്യങ്ങൾ പരിശോധിച്ചു. മന്ത്രി വളരെ വ്യക്തമായി അത് വിശദീകരിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട ധനമന്ത്രി, നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായ ഒരു നടപടിയും ധനകാര്യവകുപ്പ് സ്വീകരിച്ചിട്ടില്ലെന്ന് വിശദമാക്കിയതിന്റെ

**അടിസ്ഥാനത്തിൽ ഈ ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.**